**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4469** **01-07-2024 - ൽ മറുപടിയ്ക്ക്**

**കയർ മേഖലയിലെ ഉത്പാദന യൂണിറ്റുകളുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കയർ മേഖലയിൽ ഉത്പാദന യൂണിറ്റുകളുടെ വികസനത്തിനും പുതിയ യൂണിറ്റുകൾ തുടങ്ങുന്നതിനുമായി നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; | (എ) | ഉൽപ്പാദനയൂണിറ്റുകളുടെ വികസനത്തിന് പ്രവർത്തനമൂലധനം, അടിസ്ഥാന സൗകര്യവികസനപദ്ധതി, പ്രൊഡക്ഷൻ ആന്റ് മാർക്കറ്റിങ്ങ് ഇൻസെന്റീവ്, മാനേജിരിയൽ ഗ്രാന്റ്, സർക്കാർ ഓഹരി പങ്കാളിത്തം, വരുമാനം ഉറപ്പാക്കൽ പദ്ധതി തുടങ്ങിയ പദ്ധതികൾ പ്രകാരം ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. ഇത് കൂടാതെ സംഘങ്ങൾക്ക് ആവശ്യമായ യന്ത്രസാമഗ്രികളും നൽകുന്നുണ്ട്. പുതിയ യൂണിറ്റുകൾക്ക് സർക്കാർ ഓഹരി പങ്കാളിത്തം, പ്രവർത്തനമൂലധനം എന്നിവ നൽകുകയും, തൊഴിലാളികൾക്കാവശ്യമായ പരിശീലന പരിപാടികൾ നടത്തുകയും ചെയ്യുന്നുണ്ട്. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് മണലൂർ മണ്ഡലത്തിൽ എത്ര പേർക്ക് പ്രസ്തുത ആനുകൂല്യങ്ങൾ നൽകുകയുണ്ടായി എന്ന് അറിയിക്കാമോ; | (ബി) | എട്ട് സംഘങ്ങളിലെ 85 പേർക്ക് പ്രസ്തുത ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. |
| (സി) | കയർ ഉത്പാദകർക്ക് എന്തെല്ലാം വായ്പാ പദ്ധതികൾ നിലവിലുണ്ട്; വിശദമാക്കാമോ? | (സി) | സഹകരണ മേഖലയിലെ കയർ ഉൽപ്പാദകർക്ക് സർക്കാർ ആനുകൂല്യങ്ങൾ പദ്ധതിവിഹിതമായി അനുവദിക്കുകയാണ് ചെയ്യുന്നത്. സ്വകാര്യ സംരംഭകർക്ക് സബ്സിഡി അനുവദിക്കുന്നതിനും പദ്ധതിയുണ്ട്. സൂക്ഷ്മ ചെറുകിട വിഭാഗത്തിലുള്ള കയർ ഉൽപ്പാദകർക്ക് വാണിജ്യ ബാങ്കുകളുടെ വായ്പാ പദ്ധതി നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ